# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/01/ 2021

## സ്കൂൾ പരിസരത്ത് ലൈംഗീക പ്രദർശനം യുവാവ് അറസ്റ്റിൽ

കൊല്ലം : സ്കൂൾ പരിസരത്ത് ലൈംഗീക പ്രദർശനം നടത്തിയ യുവാവ് അറസ്റ്റിലായി. പള്ളിമൺ പുനവൂർ ശങ്കർ എന്നു വിളിക്കുന്ന രാഗേഷ് 24 ആണ് അറസ്റ്റിലായത് . പള്ളിമൺ സ്കൂൾ പരിസരത്ത് വച്ചായായിരുന്നു സംഭവം. ലോക് ഡൌണിനു ശേഷം സ്കൂളിൽ നിയന്ത്രിതമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ആണ് പ്രതി സ്കൂൾ പരിസരത്ത് വിദ്യാർഥിനികൾ പോകുന്ന വഴിയിൽ നിന്നും ലൈംഗീക പ്രദർശനം നടത്തിയത്.



പള്ളിമൺ സ്കൂളിനു സമീപം വച്ച് സ്കൂളിൽ നിന്നും പോകുകയായിരുന്ന പെൺകുട്ടിയുടെ മുന്നിൽ വച്ച് ആണ് പ്രതി നഗ്നതാ പ്രദർശനം നടതൂത്തുകയും പിന്നാലെ നടന്നു ശല്യം ചെയ്യുകയും ചെയ്യുകയായിരുന്നു, തുടർന്ന് പ്രതി ഒളിവിൽ പോയിരുന്നു . കുട്ടിയുടെ മൊഴി രേഖപ്പെടുത്തി പോക്സോ നിയമ പ്രകാരം കണ്ണനല്ലൂർ പോലീസ് കേസെടുത്തു. കഞ്ചാവ് വില്പ്പന നടത്തിയ കേസിൽ പ്രതി ജയിൽ ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങിയതായിരുന്നു. കൂടാതെ നിരവധി കേസുകളിൽ പ്രതിയാണ്. നിരന്തരം പൊതുജനങ്ങളുടെ സ്വൈര ജീവിതത്തിന് ശല്യമാകുന്ന പ്രതിക്കെതിരെ കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള നടപടകൾ സ്വീകരിക്കുമെന്ന് കണ്ണനല്ലൂർ പോലീസ് അറിയിച്ചു.

പ്രതിയെ കൊട്ടാരക്കര കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. കണ്ണനല്ലൂർ എസ് എച്ച് ഒ യു പി വിപിൻ കുമാറിന്റെ നേതൃത്വത്തിൽ എസ് ഐ രഞ്ജിത്ത്,രതീഷ് സി പി ഒ മാരായ ലാലുമോൻ, ഷെമീർഖാൻ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.